**നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം**

മി. സ്പീക്കർ: കേരളാ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 170(1) അനുസരിച്ച്, സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. ഉമ്മൻ ചാണ്ടി ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഞാൻ അപേക്ഷ വായിക്കാം.

"Since I am under going Ayurvedic treatment, I am unable to attend assembly session till 22.10.2021. Kindly grant me leave from attending assembly session."

കേരളാ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 170(1) അനുസരിച്ച്, സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ഡോ. കെ. ടി. ജലീൽ ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഞാൻ അപേക്ഷ വായിക്കാം.

"ഒക്ടോബർ 8, 11, 12, 13 തീയതികളിൽ നടക്കുന്ന നിയമസഭാ സമ്മേളനങ്ങളിൽ എനിക്ക് പങ്കെടുക്കാൻ അസൗകര്യമുള്ള കാര്യം അങ്ങയെ വിനയപൂർവ്വം അറിയിക്കുകയാണ്. ഒക്ടോബർ 7-ാം തീയതി ഉച്ചയ്ക്ക് എന്റെ

ഒരു സ്വകാര്യ ആവശ്യത്തിന് യു.എ.ഇ.-യിലേയ്ക്ക് യാത്രപോവുകയാണ്. ഒരാഴ്ചത്തെ വിസിറ്റാണ് ഉദ്ദേശിക്കുന്നത്. എന്റെ അനുജനും കുടുംബവും യു.എ.ഇ.-യിലാണുള്ളത്. അവരെയും മറ്റ് ബന്ധുമിത്രാദികളെയും സന്ദർശിക്കുക എന്നതാണ് യാത്രയുടെ ഉദ്ദേശ്യം. കൂടെ മലയാളികളുടെ രണ്ടോ മൂന്നോ കൂട്ടായ്മകളിലും പങ്കെടുക്കുന്നുണ്ട്. മേൽ ദിവസങ്ങളിൽ എനിക്ക് ലീവ് അനുവദിക്കാൻ വിനീതമായി അഭ്യർത്ഥിക്കുന്നു."

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ ശ്രീ. ഉമ്മൻ ചാണ്ടിക്ക് 2021 ഒക്ടോബർ 22 വരെയും ഡോ. കെ. ടി. ജലീലിന് 2021 ഒക്ടോബർ 13 വരെയുമുള്ള സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കുവാൻ അനുവാദം നൽകിയിരിക്കുന്നു.